"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ശ്രീമതി.അശ്വിനി.ബി, D/o വേദാവതി ബി. (Nr) മഹാദേവി ടെമ്പിൾ, കൊറക്കോട്, കാസറഗോഡ് സമയപരിധി കഴിഞ്ഞു ഹാജരാക്കിയ തിരുവോണം ബമ്പർ (BR-99) ഭാഗ്യക്കുറിയുടെ അഞ്ചാം സമ്മാനം ലഭിച്ച ടിക്കറ്റിന് സമ്മാനതുക വിതരണം നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.386/2025/TAXES തീയതി,തിരുവനന്തപുരം, 23-04-2025

---

പരാമർശം:- 1. തിരുവോണം ബമ്പർ (BR-99) ഭാഗ്യക്കുറിയുടെ 09.10.2024-ലെ നറുക്കെട്ടപ്പ് ഫലം

2. ശ്രീമതി അശ്വിനി ബി. സമർപ്പിച്ച സമ്മാന ടിക്കറ്റും അപേക്ഷയും അനുബന്ധ രേഖകളും

3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 22/03/2025 ലെ SLTY/1250/2025-PB1 നമ്പർ കത്ത്

**ഉത്തരവ്**

തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ (BR-99) 09.10.2024-ന് നടന്ന നറുക്കെടുപ്പിൽ അഞ്ചാം സമ്മാനാർഹമായ TG-196466 നമ്പർ ടിക്കറ്റിന്റെ ഉടമയായ ശ്രീമതി.അശ്വിനി.ബി, D/o വേദാവതി ബി. (Nr) മഹാദേവി ടെമ്പിൾ, കൊറക്കോട്, കാസറഗോഡ് തനിക്ക് സമ്മാനാർഹമായ ടിക്കറ്റ് സമ്മാന വിതരണത്തിനായി ബന്ധപ്പെട്ട ഓഫീസിൽ ഹാജരാക്കുന്നതിൽ കാലതാമസം വന്നുവെന്നും ഈ കാലതാമസം മാപ്പാക്കി തനിക്ക് അർഹമായ സമ്മാനതുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നും അപേക്ഷിച്ച് പരാമർശം (2) പ്രകാരം ഹാജരാക്കിയിരുന്ന അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിരിക്കുന്നു.

2. കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി ചട്ടങ്ങൾ-2024 പ്രകാരം നറുക്കെടുപ്പ് തീയതി മുതൽ 90 ദിവസത്തിനകം സമ്മാനാർഹർ ടിക്കറ്റ് ബന്ധപ്പെട്ട ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതുണ്ടെന്നും എന്നാൽ ശ്രീമതി അശ്വിനി.ബി. D/o വേദാവതി ബി. (Nr) മഹാദേവി ടെമ്പിൾ, കൊറക്കോട്, കാസറഗോഡ് സമ്മാനാർഹമായ ടിക്കറ്റ് സമർപ്പിക്കുന്നതിൽ 149 ദിവസത്തെ

കാലതാമസം വരുത്തിയിട്ടുള്ളതായും കാലതാമസത്തിനുള്ള കാരണം സംബന്ധിച്ച സമ്മനാർഹയുടെ വിശദീകരണം അംഗീകരിച്ച് മാനുഷിക പരിഗണന നല്കി സമ്മാനതുക നൽകുന്നതിനുള്ള അനുമതി നല്കണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ **(BR-99)** **09.10.2024**-ന് നടന്ന നറുക്കെടുപ്പിൽ അഞ്ചാം സമ്മാനാർഹമായ **TG-196466** നമ്പർ ടിക്കറ്റിന്റെ ഉടമയായ ശ്രീമതി.അശ്വിനി.ബി, **D/o** വേദാവതി ബി. **(Nr)** മഹാദേവി ടെമ്പിൾ, കൊറക്കോട്, കാസറഗോഡ് തനിക്ക് തിരുവോണം ബമ്പർ **(BR-99)** ഭാഗ്യക്കുറിയുടെ അഞ്ചാം സമ്മാനം ലഭിച്ച **TG-196466** നമ്പർ ടിക്കറ്റ് സമയബന്ധിതമായി സമ്മാന വിതരണത്തിനായി ഹാജരാക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം സബന്ധിച്ച് ലഭ്യമാക്കിയ വിശദീകരണം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശ പ്രകാരം അംഗീകരിച്ച് ടിയാൾക്ക് സമ്മാനതുക വിതരണം ചെയ്യാൻ കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി ചട്ടങ്ങൾ **2024** ലെ ചട്ടം **9(10)** ന്റെ പ്രൊവിസോ സർക്കാരിന് നല്കുന്ന അധികാരം വിനിയോഗിച്ച് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി അശ്വിനി ബി, **D/o** വേദാവതി ബി. **(Nr)** മഹാദേവി ടെമ്പിൾ, കൊറക്കോട്, കാസറഗോഡ് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. നോഡൽ ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി **(TAXES-H1/102/2025-TAXES)**

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 23-04-2025 15:24:34
സെക്ഷൻ ഓഫീസർ